No. CEE/5454/2018/KEAM-2019/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## KEAM- 2019

## ബി.ഡി.എസ് കോഴ്സിലേയ്ക്കുള്ള മോപ്–അപ്പ് കൗൺസലിംഗ്

ബി.ഡി.എസ് കോഴ്സിലേയ്ക്ക് നടന്ന മൂന്നാംഘട്ട അലോട്ട്മെന്റിന് ശേഷം ഒഴിവുവരുന്ന സീറ്റുകളിലേയ്ക്ക് മോപ്–അപ്പ് കൗൺസലിംഗ് ആഗസ്റ്റ് **26,27** തീയതികളിലായി നടത്തുന്നു. മോപ്–അപ്പ് കൗൺസലിംഗ് ആഗസ്റ്റ് **26** ന് പൂർത്തിയാകാത്തപക്ഷം **27** നും തുടരുന്നതായിരിക്കും. തിരുവനന്തപുരം പാളയം എൽ.എം.എസ് കോമ്പൗണ്ടിലുള്ള എൽ.എം.എസ് വിമൻസ് സെന്റർ കോൺഫറൻസ് ഹാളിൽ വച്ച് ആഗസ്റ്റ് **26**–ാം തീയതി രാവിലെ പത്ത് മണി മുതലാണ് മോപ്–അപ്പ് കൗൺസലിംഗ് തീരുമാനിച്ചിട്ടുള്ളത്. കേരള മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് മാത്രമാണ് പങ്കെടുക്കാൻ അവസരമുള്ളത്. അഖിലേന്ത്യാ കൗൺസലിംഗിലൂടെ പ്രവേശനം നേടിയവരെ സംസ്ഥാനത്തെ മോപ്–അപ്പ് കൗൺസലിംഗിന് പരിഗണിക്കുന്നതല്ല. പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന മോപ്–അപ്പ് കൗൺസലിംഗിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ അവരുടെ ഹോം പേജിൽ പ്രവേശിച്ച് **'Mop-Up counselling slip'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് സ്ലിപ്പ് **22.08.2019** വൈകുന്നേരം **6.00** മണി മുതൽ **25.08.2019** വൈകുന്നേരം **5.00** മണി വരെ ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. മോപ്–അപ്പ് സ്ലിപ്പുമായി വരുന്നവരെ മാത്രമേ അലോട്ട്മെന്റിന് പങ്കെടുപ്പിക്കുകയുള്ളൂ. മോപ്–അപ്പ് കൗൺസലിംഗിൽ പങ്കെടുക്കാനുള്ള സമയവും തീയതിയും (റാങ്ക് തിരിച്ചുള്ളത്) 24.08.2019 വൈകുന്നേരം പ്രസിദ്ധീകരിക്കുന്നതാണ്.

### മോപ്–അപ്പ് കൗൺസലിംഗ് സംബന്ധിച്ച മാർഗ നിർദ്ദേശങ്ങൾ

ഒരു സർക്കാർ ഡെന്റൽ കോളേജിൽ ബി.ഡി.എസ് കോഴ്സിന് പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റൊരു സർക്കാർ ഡെന്റൽ കോളേജിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അതുപോലെ ഒരു സ്വാശ്രയ ഡെന്റൽ കോളേജിൽ ബി.ഡി.എസ് കോഴ്സിന് പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റൊരു സ്വാശ്രയ ഡെന്റൽ കോളേജിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല

സ്വാശ്രയ ഡെന്റൽ കോളേജിൽ അഡ്മിഷൻ ലഭിച്ചവർക്ക് ഗവ. ഡെന്റൽ കോളേജുകളിലേയ്ക്കും, ഗവ. ഡെന്റൽ കോളേജുകളിൽ അഡ്മിഷൻ ലഭിച്ചവർക്ക് സ്വാശ്രയ ഡെന്റൽ കോളേജുകളിലേയ്ക്കും മാറ്റം അനുവദനീയമാണ്. ഒരു സ്വാശ്രയ കോളേജിലെ എൻ.ആർ.ഐ സീറ്റിൽ നിന്നും അതേ കോളേജിലെയോ മറ്റു സ്വാശ്രയ കോളേജിലെയോ, ഗവൺമെന്റ് /കമ്മ്യൂണിറ്റി സീറ്റിലേയ്ക്ക് മാറ്റം അനുവദനീയമാണ്.

### ഫീസ് സംബന്ധിച്ച വിവരങ്ങളും ഒടുക്കേണ്ട വിധവും

മോപ്–അപ്പ് കൗൺസലിംഗിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ താഴെ പറയുന്ന ഫീസ് ഏതെങ്കിലും ദേശസാൽകൃത /ഷെഡ്യൂൾഡ് ബാങ്കിൽനിന്നും പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി എടുത്ത് കൗൺസലിംഗ് വേളയിൽ ഹാജരാക്കേണ്ടതാണ്.

- സർക്കാർ ഡെന്റൽ കോളേജുകളിൽ ബി.ഡി.എസ് കോഴ്സിന് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ **23,000/–**രൂപ.
- സ്വാശ്രയ ഡെന്റൽ കോളേജുകളിൽ ബി.ഡി.എസ് കോഴ്സിന് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ **1,00,000/–** രൂപ.
- സ്വാശ്രയ ഡെന്റൽ കോളേജുകളിൽ ബി.ഡി.എസ് കോഴ്സിന് എൻ.ആർ.ഐ സീറ്റിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ **1,00,000/–**രൂപ.
- സ്വാശ്രയ കോളേജുകളിലെ ആകെ ഫീസ് നിരക്ക് ഓപ്ഷൻ ക്ഷണിക്കുന്ന സമയത്ത് പ്രസിദ്ധീകരിച്ചിരുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിലടയ്ക്കുന്ന തുകയുടെ ബാക്കി പ്രവേശനം ലഭിക്കുന്ന കോളേജിൽ അടക്കേണ്ടതാണ്.
- ബി.ഡി.എസ് കോഴ്സിന് പുതുതായി പ്രവേശനം ലഭിക്കുന്ന എസ്.സി. /എസ്.റ്റി. /ഒ.ഇ.സി /രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾ എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, G.O.(Ms)No.25/2005/SCSTDD, തീയതി: 20.06.2005, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികൾ ടോക്കൺ ഡെപ്പോസിറ്റ് അടയ്ക്കേണ്ടതില്ല.

എന്നാൽ എൻ.ആർ.ഐ/ കമ്മ്യൂണിറ്റി സീറ്റിലേയ്ക്ക് അഡ്മിഷൻ നേടുന്ന എസ്.സി/എസ്.ടി/ഒ.ഇ.സി വിഭാഗക്കാർ, ഫീസ് ആനുകൂല്യത്തിന് അർഹരായ മറ്റുള്ളവർ ഉൾപ്പെടെ പ്രസ്തുത സീറ്റിലേയ്ക്കുള്ള ഫീസ് അടയ്ക്കേണ്ടതാണ്.

- മുൻ കീം അലോട്ട്മെന്റുകളിലൂടെ 22.08.2019 നകം അഡ്മിഷൻ ലഭിച്ചവർ ബി.ഡി.എസ് സീറ്റിലേയ്ക്ക് മാറുകയാണെങ്കിൽ അധികമായി അടയ്ക്കേണ്ട തുകയുണ്ടെങ്കിൽ അതിന് തുല്യമായ ഡി.ഡി ഹാജരാക്കിയാൽ മതിയാകും. മുൻ അലോട്ട്മെന്റികളിലൂടെ ബി.ഡി.എസ് കോഴ്സിന് വേണ്ടി പ്രവേശനപരീക്ഷാ കമ്മീഷണറുടെ പേരിൽ തുല്യമായോ അധിക തുകക്കോ പണമൊടുക്കിയിട്ടുള്ളവർ പുതിയ ഡി.ഡി ഹാജരാക്കേണ്ടതില്ല. സ്വാശ്രയ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി, കോഴ്സുകളിൽ അഡ്മിഷൻ നേടിയിരിക്കുന്നവർക്ക് ഇത് ബാധകമല്ല.
- ഡി.ഡി. ഹാജരാക്കുന്നതിന് അധികസമയം അനുവദിക്കുന്നതല്ല.

**മോപ്പ്-അപ്പ് കൗൺസലിംഗിന് ഹാജരാക്കേണ്ട രേഖകൾ**

മോപ്പ്-അപ്പ് കൗൺസലിംഗിൽ പങ്കെടുക്കാൻ താത്പര്യമുള്ള വിദ്യാർത്ഥികൾ താഴെപ്പറയുന്ന രേഖകളുമായി മോപ്പ്-അപ്പ് കൗൺസലിംഗിന് ഹാജരാകേണ്ടതാണ്.

1. മോപ്പ്-അപ്പ് കൗൺസലിംഗ് സ്ലിപ്പ്
2. നിശ്ചിത തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ്
3. പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് വഴി ഏതെങ്കിലും കോഴ്സിലോ കോളേജിലോ ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾ ബന്ധപ്പെട്ട കോളേജ് അധികാരിയിൽ നിന്നുള്ള 'പൊസഷൻ സർട്ടിഫിക്കറ്റ്', എൻ.ഒ.സി. എന്നിവയുടെ അസൽ, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ (പ്രോസ്പെക്ടസ് ക്ലോസ്.11.7.1) മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഫീസിനത്തിലെ ഡി.ഡി. എന്നിവയുമായിഹാജരാകേണ്ടതാണ്.
4. കേരളത്തിലെ വിവിധ സർക്കാർ അംഗീകൃത ആർട്സ് & സയൻസ് കോളേജുകളിൽ പ്രവേശനം നേടിയ മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്കും എൻ.ഒ.സി, രേഖകളുടെ പൊസഷൻ സർട്ടിഫിക്കറ്റ്, യോഗ്യതാ സർട്ടിഫിക്കറ്റിന്റെ പകർപ്പ് (പ്രോസ്പെക്ടസ് ക്ലോസ്.11.7.1) മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഫീസിനത്തിലെ ഡി.ഡി എന്നിവയുമായി കൗൺസലിംഗിന് പങ്കെടുക്കാവുന്നതാണ്.
5. മറ്റു വിദ്യാർത്ഥികൾക്ക് റ്റി.സി,അസൽ രേഖകൾ (അപ്ലോഡ് ചെയ്തവ, പ്രോസ്പെക്ടസ് ക്ലോസ്. 11.7.1) മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഫീസിനത്തിലെ ഡി.ഡി എന്നിവയുമായി കൗൺസലിംഗിന് പങ്കെടുക്കാവുന്നതാണ്.
6. കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ നിന്നുള്ള എലിജിബിലിറ്റി സർട്ടിഫിക്കറ്റ് (കേരളാ ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി/സി.ബി.എസ്.ഇ/സി.ഐ.എസ്.സി.ഇ ബോർഡിൽ നിന്നും പരീക്ഷ പാസ്സായവർ അല്ലെങ്കിൽ)
7. മൈഗ്രേഷൻ സർട്ടിഫിക്കറ്റ് (ബാധകമെങ്കിൽ)
8. ജനന തീയതി തെളിയിക്കുന്നതിനുള്ള രേഖ
9. KEAM 2019 ഡാറ്റാ ഷീറ്റ്
10. KEAM 2019 പ്രോസ്പെക്ടസ് അനുബന്ധം XVII (b) പ്രകാരമുള്ള ശാരീരിക ക്ഷമതാ സർട്ടിഫിക്കറ്റ്
11. എൻ.ആർ.ഐ ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ എൻ.ആർ.ഐ ക്ലെയിം തെളിയിക്കുന്നതിനുള്ള രേഖകളുടെ അസ്സൽ

**എൻ.ആർ.ഐ ക്വാട്ടയിൽ ആവശ്യക്കാർ ഇല്ലാത്ത പക്ഷം മോപ്പ്-അപ്പ് കൗൺസലിംഗിൽ പുതുതായി രേഖകൾ സമർപ്പിക്കുന്നവരെ പരിഗണിക്കുന്നത് സംബന്ധിച്ച്**

ആരോഗ്യ കുടുംബക്ഷേമ (എസ്)വകുപ്പ് 03.08.2019-ന് നൽകിയ എസ്.3/241/2019 കത്ത് പ്രകാരം എൻ.ആർ.ഐ. ക്വാട്ട സീറ്റുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽനിന്നും പ്രവേശനത്തിന് വിദ്യാർത്ഥികൾ ഇല്ലാതെ വന്നാൽ ജനനസ്ഥലം പരിഗണിക്കാതെ പ്രവേശനം നൽകാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കിയിട്ടുള്ള മെഡിക്കൽ റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ എൻ.ആർ.ഐ.ക്വാട്ടയിലേക്ക് പ്രവേശനം നേടാൻ ആവശ്യമായ അസ്സൽരേഖകൾ സഹിതം [ജി.ഒ.(എം.എസ്.)നം. 243/2014/ആ.കു.വ. തീയതി 06.08.2014 ]മോപ്-അപ് കൗൺസലിംഗിന് ഹാജരാകേണ്ടതാണ്. അസ്സൽ സർട്ടിഫിക്കറ്റുകൾ മോപ്-അപ് കൗൺസലിംഗിൽ ഹാജരാക്കാത്തവർക്ക് പ്രവേശനം ലഭിക്കുന്നതല്ല. അർഹരായ ആളില്ലാതെ എൻ.ആർ.ഐ സീറ്റുകൾ ഒഴിവുവന്നാൽ അത് സ്റ്റേറ്റ് മെറിറ്റായി പരിഗണിക്കുന്നതാണ്.

**സമർപ്പിക്കേണ്ടുന്ന രേഖകൾ:**

സംസ്ഥാനത്തെ സ്വാശ്രയ ഡെന്റൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ട സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ താഴെ പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

1) സ്പോൺസറും വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം തെളിയിക്കുന്ന റവന്യൂ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് (ബന്ധം വിശദമാക്കിയിരിക്കണം). സ്പോൺസർ അച്ഛൻ/അമ്മ ആണെങ്കിൽ അപേക്ഷകന്റെയും സ്പോൺസറുടെയും പേരുകൾ ഉൾപ്പെടുന്ന വിദ്യാഭ്യാസ രേഖകൾ മതിയാകും.

2) തൊഴിൽ ദാതാവ് നൽകിയതും എംബസ്സി സാക്ഷ്യപ്പെടുത്തിയതുമായ ഓവർസീസ് എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തൊഴിൽ സംബന്ധിച്ച് എംബസി അഥവാ കോൺസുലേറ്റ് പാസ്സ്പോർട്ടിൽ സാക്ഷ്യപ്പെടുത്തിയിരിക്കണം. എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റിനു പകരം സ്പോൺസർ ഒരു എൻ.ആർ.ഐ./ ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ(OCI)/ ഗ്രീൻ കാർഡ് ഹോൾഡർ ആണെന്ന് സാക്ഷ്യപ്പെടുത്തി എംബസി അഥവാ കോൺസുലേറ്റ് നൽകുന്ന സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതാണ്.

3) വിസ സ്റ്റാമ്പ് ചെയ്തതും എംബസ്സി സാക്ഷ്യപ്പെടുത്തിയതുമായ സ്പോൺസറുടെ പാസ്പോർട്ടിന്റെ പകർപ്പ്.

4) വിദ്യാർത്ഥിയെ സ്പോൺസർ ചെയ്യുന്നതായുള്ള സ്പോൺസറുടെ സമ്മതപത്രം.

5) സ്പോൺസർ ഒരു ഇന്ത്യൻ പൗരൻ/ ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ/പേഴ്സൺ ഓഫ് ഇന്ത്യൻ ഒറിജിൻ എന്ന് തെളിയിക്കുന്ന രേഖ.

**കുറിപ്പ്:**

*മോപ്-അപ്പ് കൗൺസലിംഗിനുശേഷം വിടുതൽ വാങ്ങുന്നവർക്ക് പ്രോസ്പെക്ടസ് ക്ലോസ് 12.2.4(a)(ii) പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് ബാധകമായിരിക്കും.*

**ഹെൽപ് ലൈൻ നമ്പർ: 0471-2332123, 2339101, 2339102, 2339103 & 2339104 (10 am- 5pm)**

തിരുവനന്തപുരം
21.08.2019

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**